(ബി) അവിടെ സബ്ഡിവിഷൻ ആഫീസ് സ്ഥാപിച്ച തിയതി എന്നാണ്?

(സി) അതിനുശേഷം അവിടെ എത്ര സബ്ഡിവിഷൻ ആഫീസർമാരെ സ്ഥലംമാറി നിയമിച്ചിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : (എ) ഉണ്ട്.

(ബി) ഫെബ്രുവരി

(സി) നാലുപേർ.

MR. V. MADHAVAN: ഈ പുതുക്കിയ കാലത്തിനകം നാല് സബ്ഡിവിഷനാഫീസർന്മാരെ മാറി മാറി നിയമിക്കാൻ വല്ല കാരണവുമുണ്ടോ?

HON'BLE MR K. R. ELANKATH: റിട്രെഞ്ച്മെൻറും മറ്റുംകൊണ്ട് സർവ്വീസിന് അത്യന്താപേക്ഷിതമായ ചില മാറ്റങ്ങളുടെ ആവശ്യം ഉണ്ടായതുകൊണ്ടാണ് ഈ സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

MR. E. P. PAULOSE (*Muvattupuzha III—General*): മുമ്പ് ഏതെല്ലാം സബ്ഡിവിഷനുകളുടെ കീഴിലിരുന്ന സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയിരിക്കുന്നതെന്ന പറയാമോ?

HON'BLE MR. K. R. ELANKATH : പ്രത്യേകിച്ച് ഏതെങ്കിലും സബ്ഡിവിഷനിൽപ്പെട്ട സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. സൗകര്യം എന്നു തോന്നിയ ചില സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയത്.

MR. E. P. PAULOSE: ഇങ്ങനെ ഒരു പുതിയ സബ്ഡിവിഷൻ ഉണ്ടാക്കിയതുകൊണ്ട് ആളുകൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. K. R. ELANKATH : അങ്ങിനെ അറിവില്ല.

Fertilisers and Chemicals, Travancore, Ltd.

520. MR. PAUL THALIAT (*Parur III—General*): Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government Director who attended the last general meeting of the Fertilisers and Chemicals, Travancore, Ltd., has submitted any report on the proceedings;

(*b*) if so the number of shareholders who were present, distinguishing between employees and non-employees among them; and

(*c*) will the Government be pleased to place this report on the table?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ല.

(ബി) (സി) എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PAUL THALIAT : ജനറൽബാഡി യോഗത്തിൽ ഗവണ്മെൻറി ന്റെ പ്രതിനിധികളായി സംബന്ധിച്ചിരുന്ന ആളുകൾ റിപ്പോർട്ട സമർപ്പിച്ചിട്ടില്ലെന്നാണോ പറയുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : റിപ്പോർട്ട സമർപ്പിച്ചിട്ടില്ല.

MR. PAUL THALIAT : കഴിഞ്ഞ അസംബ്ളിയിലും ഇതേപ്പറ്റി ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇതേ ഉത്തരമാണ് പറഞ്ഞതെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അറിയാം.

MR. PAUL THALIAT : എത്ര മാസമായി ഈ പൊതുയോഗം കഴിഞ്ഞിട്ടെന്ന പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI . സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. KANNARA GOPALA PANICKER : ആ കമ്പനിയിൽ ഗവണ്മെൻറിന്റെ എത്ര ഡയറക്ടറന്മാർ ഉണ്ടെന്നു പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI : രണ്ടുപേരാണുള്ളത്.

MR. PAUL THALIAT : ഇനിയെങ്കിലും അവരുടെ റിപ്പോർട്ടുകൾ ഗവണ്മെൻറു വരുത്തുമോ ?

HON'BLE MR. T. K. NARAYANA PILLAI : ജനറൽബാഡി മീറ്റിംഗിൽ സംബന്ധിക്കുന്ന ഡയറക്ടറന്മാർ സാധാരണ റിപ്പോർട്ടുകൾ സമർപ്പിക്കാറില്ല. ഡയറക്ടർ ബോർഡ് യോഗത്തിന്റെ റിപ്പോർട്ടുകളെ സാധാരണ ഗവണ്മെൻറിന് സമർപ്പിക്കാറുള്ളൂ.

MR. PAUL THALIAT : ജനറൽബാഡി മീറ്റിംഗിൽ എന്തു നടക്കുന്നുവെന്ന് ഗവണ്മെൻറിന് അറിയേണ്ട ആവശ്യമില്ലെന്നാണോ പറയുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഞാൻ പറഞ്ഞില്ല. റിപ്പോർട്ട അയക്കാറില്ല എന്ന മാത്രമേ പറഞ്ഞുള്ളൂ. എന്നാൽ അവിടെ നടക്കുന്ന സംഗതികൾ അവർ ഗവണ്മെൻറിനെ അറിയിച്ചുകൊണ്ടിരിക്കുന്നുണ്ട്.

MR. PAUL THALIAT : രേഖാമൂലമായിട്ടാണോ വാമൂലമായിട്ടാണോ ഈ വിവരങ്ങൾ അറിയിക്കുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : രേഖാമൂലമായിട്ടാണെങ്കിൽ അതിനെ ഞാൻ റിപ്പോർട്ട എന്നു പറയുമായിരുന്നല്ലോ. അങ്ങനെ അല്ലെന്നു പറഞ്ഞതുകൊണ്ടുതന്നെ രേഖാമൂലമല്ലെന്നു മനസ്സിലാക്കാമല്ലോ.

MR. PAUL THALIAT : രേഖാമൂലമായ റിപ്പോർട്ട വരുത്തുന്നത് നല്ലതാണെന്നു തോന്നുന്നില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI: അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

I. N. A. personnel in the State.

521. MR. K. RAMACHANDRAN : Will the Hon'ble Minister for Ex-service men be pleased to state:

(*a*) the amount received from the I. N. A. Central Relief Committee for resettlement of I. N. A. personnel in the State ;

(*b*) what has so far been done in the way of resettlement to I. N. A. personnel ;

(*c*) the balance of amount now remaining under this head for further disposal ; and

(*d*) the list of personnel who were benefited by this fund ?

HON'BLE MR. N KUNJURAMAN : (എ) യാതൊരു തുകയും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഐ. എൻ. എ. കാക്കു് എക്സ് സർവീസുകാർക്കു നൽകുന്നതുപോലെയുള്ള സൗജന്യങ്ങൾ നൽകിവരുന്നുണ്ടു്.

(സി)-യും, (ഡി)-യും എ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇപ്രശ്നങ്ങൾ ഉദിക്കുന്നില്ല.

MR. K. RAMACHANDRAN : ഐ. എൻ. എ. ക്കാരിൽനിന്നും വല്ല ആളുകളേയും ഗവണ്മെന്റു് ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN: എക്സ് സർവീസുകാരുടെ ക്വട്ടത്തിൽ അവരെയും ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ടു് പ്രത്യേകം കണക്കറിയാൻ പാടില്ല.

MR. K. RAMACHANDRAN: ഐ. എൻ. എ. ക്കാക്കുവേണ്ടി പ്രത്യേകം കോവാപ്പറേറ്റിവുസൊസൈറ്റി വല്ലതും രജിസ്റ്റർചെയ്തു കൊടുത്തിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : എക്സ് സർവീസുകാരുടെ ക്വട്ടത്തിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ടു്.

Representations from Teachers.

522. MR. K. S. JOSEPH (*Thiruvalla West—General*) : Will the Hon'ble Minister for Education be pleased to state :

(*a*) whether Government have received any representations from departmental teachers with matriculation or schcol leaving (English) Certificate holders regarding their pay and grade promotions;

(*b*) whether they are classified with M. H. or V. H. Certificate holders ; and

(*c*) if so whether these qualifications are counted as equivalent to one another ?

HON'BLE MR. N. KUNJURAMAN : (*a*) Yes.

(*b*) Yes.

(*c*) Yes.

LIBRARY ARCHIVES Kerala Legislative Assembly